## “CORRUPTION, A CRIME AGAINST NATION”

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം. 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 31.10.2025

# വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ അമിത ഭാരം കയറ്റിയ ലോറികൾ പിടിച്ചെടുത്ത് ഫൈൻ അടപ്പിച്ചു.

പാലക്കാട് ജില്ലയിൽ പ്രവർത്തിച്ചുവരുന്ന ക്വാറികളിൽ നിന്നും ടിപ്പർ ലോറികളിലും മറ്റും അനുവദിനീയമായ അളവിൽ കൂടുതൽ ക്വാറി ഉല്പന്നങ്ങൾ കയറ്റി കൊണ്ടു പോവുന്നത് വഴി നികുതി ഇനത്തിലും മറ്റും സർക്കാരിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടാവുന്നതായി വിജിലൻസിന് പരാതി ലഭിച്ചിരുന്നു. ഈ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ഇന്ന് (31.10.2025) ഒരു മിന്നൽ പരിശോധന നടത്തി. രാവിലെ 10.00 മണിക്ക് ആരംഭിച്ച മിന്നൽ പരിശോധന ഉച്ചക്ക് 02.45 മണിക്ക് അവസാനിച്ചു. സ്വകാര്യ ക്വാറിയിലും വടക്കഞ്ചേരി റോഡിലും, വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ അമിതഭാരം കയറ്റിയ 7 ടോറസ് ലോറികൾ പിടിച്ചെടുത്ത് മോട്ടോർ വാഹന വകുപ്പിനെ കൊണ്ട് 2,22,500/- രൂപ പിഴ ഈടാക്കിച്ചിട്ടുള്ളതാണ്. ജിയോളജി, ജി.എസ്.ടി വകുപ്പുകൾക്കും ഫൈൻ ഈടാക്കുന്നതിലേക്ക് പിടിച്ചെടുത്ത ലോറികൾ കൈമാറും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.